# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 75 — 01/03/2017-ലെ മറുപടിയ്ക്ക്.

**മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ. എ.പി. അനിൽ കുമാർ**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. ഐ.സി. ബാലകൃഷ്ണൻ**<br>**ശ്രീ. വി.പി. സജീന്ദ്രൻ** | | **ശ്രീ.എ.കെ. ബാലൻ**<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
| (എ) | നിലവിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള എം.ആർ. എസ് - കളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് ക്ലാസ്സ് റൂം നിർമ്മാണം, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടൽ തുടങ്ങിയവയ്ക്ക് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യൂനിസെഫ് -ന്റെ മാനദണ്ഡം അനുസരിച്ചുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br>പട്ടികവർഗ വികസന വകുപ്പിന് കീഴിൽ സംസ്ഥാനത്തൊട്ടാകെ 19 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ഇതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കി വരുന്നു. വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം ഉറപ്പു വരുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പട്ടികവർഗ വിദ്യാർത്ഥികൾക്ക് താമസിച്ച് മികച്ച വിദ്യാഭ്യാസം നൽകി അവരെ വിദ്യാസമ്പന്നരും പൊതു സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് എത്തിക്കുകയും അതുവഴി ഒരു ഉന്നത ജീവിതം കെട്ടിപ്പടുക്കുന്നതിന് അവരെ പ്രാപ്തരാക്കുവാനും ഇതുവഴി ലക്ഷ്യമിടുന്നു. പട്ടികവർഗ വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രസ്തുത മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 8 എണ്ണത്തിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. ടി സംവിധാനം നിലവിൽ ഇല്ലാത്ത സ്കൂളുകളിൽ (10 എണ്ണം) സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലിന് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്‌ലറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ്സ് വർക്ക്, സെക്യൂരിറ്റിറൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം/അറ്റകുറ്റപണി, സ്വന്തമായി കെട്ടിട സൗകര്യമില്ലാത്ത മോഡൽ റസിഡൻഷ്യൽ സ്കൂളുകൾക്ക് താൽക്കാലിക സൗകര്യം ഏർപ്പെടുത്തൽ, |

| | | | |
|---|---|---|---|
| | | | എന്നിവയും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി/റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കൂളുകൾക്ക് ആവശ്യമായ സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് വ്യക്തിത്വ വികസനത്തിനും തൊഴിൽ പരിശീലനത്തിലെ കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ/യൂണിഫോം എന്നിവ ഈ പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടി സ്കൂളുകളിൽ പഠിക്കുന്ന പട്ടികവർഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്, എന്നീ പദ്ധതികളും 'സർഗോത്സവം' എന്ന പേരിൽ സംസ്ഥാനതല കലാമേളയും 'കളിക്കളം' എന്ന പേരിൽ സംസ്ഥാനതല കായികമേളയും നടത്തുന്നു.<br>എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ ഹോസ്റ്റലുകളും നവീകരിക്കുന്നതിന്റെ ഭാഗമായി എല്ലാ എം.ആർ. എ സ്. ഹോസ്റ്റലുകളും നവീകരിച്ചിട്ടുണ്ട്. |
| (ബി) | പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഇത്തരം സ്കൂളുകൾ എത്രത്തോളം സഹായകരമായി എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ ; | (ബി) | വിലയിരുത്തിയിട്ടുണ്ട്. Centre for Management & Development (CMD), Thiruvananthapuram വഴി പഠനം നടത്തുകയും പഠന നിലവാരം വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. എല്ലാ മാസവും ചേരുന്ന പി.ഒ/റ്റി.ഡി.ഒ മീറ്റിംഗുകളിൽ ഈ വിഷയത്തിന്മേൽ ഗൗരവകരമായി ചർച്ച ചെയ്യുകയും കാലാനുസൃതമായ മാറ്റങ്ങൾ നടപ്പിലാക്കി വരികയും ചെയ്യുന്നു. പാഠ്യ-വിഷയങ്ങൾക്കു പുറമേ കലാകായിക രംഗത്തും മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ വൈദഗ്ധ്യം പ്രോത്സാഹിപ്പിക്കു-ന്നതിന് വിവിധ പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുണ്ട്. |
| (സി) | എല്ലാ ജില്ലകളിലും പട്ടികജാതി വിഭാഗങ്ങൾക്കായി മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിച്ച് അവരുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്ന-തിനും നടപടി സ്വീകരിക്കുമോ ? | (സി) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ എല്ലാ ജില്ല കളിലും എം.ആർ.എസ് തുടങ്ങുന്നതിനാവശ്യ മായ സ്ഥല സൗകര്യം ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

Rashmi (signature)

സെക്ഷൻ ഓഫീസർ